ചെലവിൽ ആധുനിക സാങ്കേതികവിദ്യ ഉൾക്കൊണ്ടുള്ള പ്രവർത്തനമാണ് ശുപാർശ ചെയ്തിരിക്കുന്നത്. മറ്റു സെക്ടർ കമ്മിറ്റി റിപ്പോർട്ടുകൾ തയ്യാറായി വരുന്നതേയുള്ളൂ.

(എഫ്)&(ജി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമായ ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ്, മിനി ഫൈഡൽ പ്രോജക്ട് ആരംഭിക്കുവാൻ കമ്പനിതലത്തിൽ പരിശോധനകൾ നടന്നുവരുന്നു.

8 (532) വ്യവസായ വികസനത്തിനുള്ള നടപടികൾ

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വ്യവസായ വികസനത്തിനായി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി എത്ര വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ട്; വിശദ വിവരം വെളിപ്പെടുത്തുമോ;

(സി) വിദേശരാജ്യങ്ങളുടെ സഹായത്തോടുകൂടെയോ പങ്കാളിത്തത്തോടെയോ സംസ്ഥാനത്ത് പുതിയ വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ടോ;

(ഡി) ഇതിനായി വ്യവസായ വകുപ്പുമന്ത്രിയും ഉന്നത ഉദ്യോഗസ്ഥൻമാരും എത്ര വിദേശയാത്രകൾ നടത്തിയിട്ടുണ്ടെന്ന വിശദവിവരം വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്തിന്റെ വ്യവസായ വളർച്ചാനിരക്ക് കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ എത്രമാത്രം ഉയർന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(എഫ്) സംസ്ഥാനത്ത് വ്യവസായ വളർച്ച മുരടിപ്പ് ഉണ്ടെന്ന് പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ജി) സർക്കാർ ലക്ഷ്യമിട്ട നിരക്കിൽ വളർച്ചാ നിരക്ക് നേടിയെടുക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതു പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) വ്യവസായങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ വ്യവസായ പാർക്കുകൾ സ്ഥാപിച്ചു. ഇൻഫർമേഷൻ ടെക്നോളജി കമ്പനികളെയും ഇലക്ട്രോണിക്സ് കമ്പനികളെയും ആകർഷിക്കുന്നതിനായി ടെക്നോപാർക്ക് കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നു. 1998 ൽ ഐ.ടി. നയവും വ്യവസായനയവും പ്രഖ്യാപിച്ചു. ടെക്നോപാർക്കിൽ എസ്.ഐ.റ്റി.എം സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. 20 കോടി രൂപയുടെ വെൻചർ ക്യാപിറ്റൽ ഫണ്ട് രൂപീകരിച്ചു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സോഫ്റ്റ് വെയർ ടെക്നോളജി പാർക്കുകൾ സ്ഥാപിച്ചു കൊണ്ടിരിക്കുന്നു. ടെക്നോപാർക്ക് വ്യവസായ എക്സിബിഷനുകളിൽ പങ്കെടുക്കുന്നു. ദേശീയ അന്തർദേശീയ തലത്തിലുള്ള കമ്പനികളുമായി ബന്ധപ്പെടുകയും അവരുമായി നിരന്തരം ചർച്ചകൾ നടത്തുകയും ചെയ്യുന്നു. ടെക്നോപാർക്കിന്റെ വളർച്ചയ്ക്കായി ഒരു ജോയിന്റ് വെൻചർ കമ്പനി ആരംഭിക്കാനുള്ള നടപടിയെടുത്തു. എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളോടും കൂടിയ വ്യവസായ പാർക്കുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ കിൻഫ്ര നടത്തിവരുന്നു. വ്യവസായ പുനരുദ്ധാരണ ഫണ്ട് രൂപീകരിച്ച് പൊതുമേഖലാ വ്യവസായങ്ങളെ പുനരുദ്ധരിക്കുന്നു. വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കാൻ ആവശ്യമായ ലൈസൻസുകളും ക്ളിയറൻസുകളും സർട്ടിഫിക്കറ്റുകളും എളുപ്പത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ലഭ്യമാക്കുവാൻ ഏകജാലക ക്ലിയറൻസ് ബോർഡുകൾ നടപ്പിലാക്കി. ചെറുകിട വ്യവസായങ്ങളുടെ വളർച്ചയ്ക്കായി നിരവധി സൗകര്യങ്ങളും ഇളവുകളും പ്രഖ്യാപിച്ചു.

(ബി) ടെക്നോപാർക്കിൽ 41 പുതിയ കമ്പനികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധം X-ൽ ചേർത്തിരിക്കുന്നു.† കെ.എസ്.ഐ.ഡി.സി യുടെ സഹായത്തോടെ ആരംഭിച്ചിട്ടുള്ള പദ്ധതികളുടെ വിശദവിവരം അനുബന്ധം2† ൽ കൊടുത്തിരിക്കുന്നു. 21/5/96 മുതൽ 31/5/2000 വരെ 77814 ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് സ്ഥിരം രജിസ്ട്രേഷൻ നൽകി പ്രവർത്തനം ആരംഭിച്ചു. കിൻഫ്രയുടെ വിവിധ പാർക്കുകളിൽ നിരവധി വ്യവസായികൾക്ക് ഭൂമി അലോട്ട് ചെയ്തുകഴിഞ്ഞു.

(സി) വിദേശ രാജ്യങ്ങളുടെ സഹായത്തോടുകൂടെയോ പങ്കാളിത്തത്തോടെയോ പുതിയ വ്യവസായ സംരംഭങ്ങൾ ഒന്നും ആരംഭിച്ചിട്ടില്ല. എന്നാൽ വിദേശികളുടെയോ വിദേശ കമ്പനികളുടെയോ സഹായത്തോടുകൂടി വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) വ്യവസായ വകുപ്പുമന്ത്രി കെയ്റോ, വിയറ്റ്നാം, ഗൾഫ് രാജ്യങ്ങൾ എന്നിവിടങ്ങളിൽ ഇതിനുവേണ്ടി സന്ദർശനം നടത്തിയിട്ടുണ്ട്. കിൻഫ്രയുടെ മാനേജിംഗ് ഡയറക്ടർ യു.എസ്.എ, ഇറ്റലി, ജർമനി, യു.എ.ഇ. എന്നിവിടങ്ങളിൽ രണ്ട് പ്രാവശ്യവും സിറ്റ്സർലണ്ട്, കാനഡ, പാരീസ്, റോം, ലണ്ടൻ, ഇസ്റായേൽ, മസ്ക്കറ്റ്, ന്യൂയോർക്ക്, ചിക്കാഗോ, ഡല്ലാസ് തുടങ്ങിയ രാജ്യങ്ങളും സന്ദർശിച്ചിട്ടുണ്ട്. ടെക്നോപാർക്കിലെയും കെ.എസ്.ഐ.ഡി.സി.യിലെയും ഉദ്യോഗസ്ഥർ നടത്തിയ വിദേശ യാത്രയുടെ വിവരങ്ങൾ അനുബന്ധം 3-ൽ കൊടുത്തിരിക്കുന്നു.†

(ഇ) സംസ്ഥാനത്തിന്റെ പത്തു വർഷത്തെ വ്യവസായ മേഖലയുടെ വളർച്ചാനിരക്ക് താഴെ ചേർക്കുന്നു.

വർഷം വ്യവസായ വളർച്ചാ നിരക്ക് (%)

(സ്ഥിരം വില നിലവാരം)

1988-89	–	12.83
1989-90	–	20.27
1990-91	–	(-) 1.72
1991-92	–	3.22
1992-93	–	8.41
1993-94	–	3.62
1994-95	–	20.77
1995-96	–	12.35
1996-97	–	(-) 2.15
1997-98 (പി)-		7.99
1998-99(ക്യൂ)-		7.18
പി	-	പ്രോവിഷണൽ.
ക്യൂ	-	ക്യൂക് എസ്റ്റിമേറ്റ്.
(എഫ്)		ഇല്ല.

(ജി) ലക്ഷ്യത്തിലേയ്ക്ക് എത്തിക്കൊണ്ടിരിക്കുന്നു.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly